ധർമ്മടം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

115 (5464) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധർമ്മടം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ നാലുവർഷമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

നെൽവയൽ നികത്തൽ

116 (5465)ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ നെൽകൃഷി ചെയ്യുന്നത് കുറവാണെന്ന കാരണത്താൽ വ്യാവസായിക ആവശ്യത്തിനായി ഇവിടുത്തെ നെൽവയലുകൾ നികത്തുവാൻ അനുവദിക്കുമെന്ന തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കാസർഗോഡ് മുളിയാർ പ്ലാന്റേഷന്റെ സ്ഥലം പതിച്ചുകൊടുത്ത വിഷയം

117 (5466)ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പ്ലാന്റേഷന്റെ 85 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയുടെ പറമ്പിലേക്ക് റോഡുണ്ടാക്കുന്നതിനായി വ്യാജ പട്ടയം ചമച്ച് പതിച്ചുകൊടുത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തുകയോ വ്യാജ പട്ടയം ചമച്ചവർക്കെതിരെ നടപടി ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണവും പോലീസ് അന്വേഷണവും നടന്നുവരുന്നു.

കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള കാർഷിക തോട്ടങ്ങൾ

118 (5467) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര കാർഷിക തോട്ടങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവിടെനിന്നും ഏതൊക്കെ നടീൽ വസ്തുക്കളാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിൽ രണ്ട് സ്റ്റേറ്റ് സീഡ് ഫാമുകളും ഒരു സ്പെഷ്യൽ ഫാമും ഉൾപ്പെടെ ആകെ മൂന്ന് ഫാമുകളാണ് നിലവിലുള്ളത്. ഫാമുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു :

1. സ്റ്റേറ്റ് സീഡ് ഫാം, കാസർഗോഡ്.
2. സ്റ്റേറ്റ് സീഡ് ഫാം, പുല്ലൂർ
3. കാഷ്യൂ പ്രോജനി ഓർച്ചാഡ്, ആദൂർ, ഗ്വാളിമുഖ

ഇതിൽ സ്പെഷ്യൽ ഫാമായ ആദൂർ, ഗ്വാളിമുഖ കാഷ്യൂ പ്രോജനി ഓർച്ചാഡിൽ കശുമാവിന്റെ ഗ്രാഫ്റ്റുകളാണ് പ്രധാനമായും ഉല്പാദിപ്പിക്കുന്നത്. കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ നെൽവിത്തുൽപ്പാദനമാണ് പ്രധാനമായും ഉള്ളത്. നെൽവിത്തിനു പുറമേ വാഴക്കന്ന്, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, ഒട്ടുമാവ്, അലങ്കാരച്ചെടികൾ മുതലായ നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. പുല്ലൂർ സ്റ്റേറ്റ് സീഡ് ഫാമിൽ നെൽവിത്തുല്പാദനമാണ് പ്രധാനമായും ഉള്ളത്. ഇതിനുപുറമേ വേര് പിടിച്ച കരുമുളക് വള്ളികൾ, പച്ചക്കറി വിത്ത്, പച്ചക്കറി തൈകൾ, വാഴക്കന്ന് മുതലായ നടീൽ വസ്തുക്കളും ഉൽപ്പാദിക്കുന്നുണ്ട്.